പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 433 07.01.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ

ചോദ്യം

ശ്രീ. മോൻസ് ജോസഫ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുമോ ; അതെത്രയാണെന്നതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാദ്ധ്യത ഏറ്റെടുക്കുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. പെൻഷൻ ബാദ്ധ്യത സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. പഠനം നടത്തിയിട്ടുണ്ട്. നിലവിലെ കണക്കനുസരിച്ച് പ്രതിവർഷം കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ ബാദ്ധ്യത 432 കോടി രൂപയാണ്. |
| (ബി) | പെൻഷൻ തുടർച്ചയായി മുടങ്ങുന്നതു മൂലം ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ് ; വിശദമാക്കുമോ ? | (ബി) | കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാലും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ ലഭ്യമാകാത്തതിനാലും നവംബർ, ഡിസംബർ മാസങ്ങളിലെ പെൻഷൻ വിതരണത്തിന് കാലതാമസം ഉണ്ടായി. എന്നാൽ സർക്കാരിൽ നിന്നും അനുവദിച്ച സാമ്പത്തിക സഹായം വിനിയോഗിച്ച് 19.12.2013-ൽ നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച ഫണ്ടിൽ നിന്നും 25 കോടി രൂപാ പെൻഷൻ വിതരണം ചെയ്യുന്നതിനായി വിനിയോഗിക്കുവാൻ ബഹു. ഹൈക്കോടതി അനുമതി നൽകുകയും ടി. തുക ഉപയോഗിച്ച്, ഡിസംബർ മാസത്തെ പെൻഷൻ തുക 8500/- രൂപ വരെയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും, 8500/- രൂപയിൽ കൂടുതൽ തുകയുള്ളവർക്ക് 8500/- ആയി നിജപ്പെടുത്തിയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ